**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 171** **03.10. 2011-ൽ മറുപടിക്ക്.**

## ഫയർ ആന്റ് റസ്ക്യൂ വിഭാഗത്തെ ശക്തിപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. സി. വിഷ്ണുനാഥ്<br>ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ഹൈബി ഈഡൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) ഫയർ ആന്റ് റെസ്ക്യൂ വിഭാഗത്തെ ശക്തിപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ; | : (എ) ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ബഹുനില മന്ദിരങ്ങളിലെ അഗ്നിരക്ഷാ പ്രവർത്തനങ്ങൾക്കുപയോഗിക്കുന്ന സ്കൈലിഫ്റ്റ് ഉൾപ്പെടെയുള്ള അത്യന്താധുനിക വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഈ വകുപ്പിൽ നിലവിലുള്ള ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ഈ വിഭാഗത്തിന് കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഉടൻ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; | : (ബി) സ്വീകരിക്കുന്നതാണ്. |
| (സി) ഇതു നടപ്പാക്കാൻ കേന്ദ്ര ഗവൺമെന്റിന്റെ സഹായം ലഭിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ; | : (സി)"ഒറ്റത്തവണ അധിക കേന്ദ്രസഹായം" സ്കീമിൽ ലഭിച്ച തുകയിൽ 17,73,19,000/- രൂപ നടപ്പ് |

(മറുപുറം)

സാമ്പത്തിക വർഷത്തെ ബജറ്റിൽ
വകകൊളളിച്ചിട്ടുണ്ട്. കൂടാതെ 75%
കേന്ദ്രാവിഷ്കൃത പദ്ധതിയിൽ 316 ലക്ഷം
രൂപയും നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ
വക കൊളളിച്ചിട്ടുണ്ട്.

(ഡി) അഗ്നിശമന സേനാംഗങ്ങൾക്ക് ശാസ്ത്രീയ പരിശീലനം നൽകാൻ അക്കാദമി ആരംഭിക്കുമോ ?

: (ഡി) അഗ്നിശമന സേനാംഗങ്ങൾക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിന് നിലവിൽ തൃശ്ശൂർ വിയ്യൂരിൽ ഒരു ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അക്കാദമി പ്രവർത്തിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ